(ഇ) എയർപോർട്ട് അതോറിറ്റി ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് പോലീസ് വകുപ്പ് നടത്തുന്ന പരിശീലന പരിപാടികൾ കൂടാതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിശീലന പരിപാടികൾക്കും ഉദ്യോഗസ്ഥരെ അയക്കാറുണ്ട്.

(ബി) തിരുവനന്തപുരം, കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗത്തിൽ ജീവനക്കാരുടെ കുറവുണ്ട്.

(സി) ഉദ്യോഗസ്ഥരുടെ യോഗ്യതയും സ്വഭാവഗുണവും വിലയിരുത്തി നിയമനം നടത്തുന്നു.

(ഡി & ഇ) എയർപോർട്ട് അതോറിറ്റിയുടെകീഴിലല്ല വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗം ആയതിനാൽ അതോറിറ്റിക്ക് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതിക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് 2010 നവംബർ മാസത്തിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ തന്ത്രപ്രധാനമായ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണം

10 (1474) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തന്ത്രപ്രാധാന്യമുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാക്രമീകരണത്തിന്റെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇതുസംബന്ധിച്ച കേന്ദ്ര സുരക്ഷാ സേനയുടെ നിർദ്ദേശങ്ങളും സഹായങ്ങളും നടപ്പിലാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇത്തരം തന്ത്രപ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണ പാലനത്തെക്കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ തന്ത്രപ്രധാനമായ സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) ചെയർമാനായി സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരുകയും തന്ത്രപ്രധാനമായ സ്ഥാപനങ്ങളുടെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുകയും അവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഓരോ സ്ഥാപനത്തിന്റേയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്ഥാപനതല കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പോലീസ് തലത്തിൽ എല്ലാ ജില്ലയിലും സെക്യൂരിറ്റി ഓഡിറ്റ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമുകൾ തന്ത്രപ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി സുരക്ഷാ സംവിധാനം ശക്തമാക്കുന്നതിന് നടപ്പിലാക്കേണ്ട നടപടികളെക്കുറിച്ച് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര ആഭ്യന്തരവകുപ്പിൽനിന്നും സുരക്ഷാ സംവിധാനം ശക്തമാക്കുന്നത് സംബന്ധിച്ച് മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും ലഭിക്കാറുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(സി) സംസ്ഥാനത്തെ തന്ത്രപ്രധാനമായ സ്ഥാപനങ്ങളിലെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിലും സ്ഥാപനതലത്തിലും സുരക്ഷാ സമിതികൾ രൂപീകരിച്ച് സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തണമെന്ന് കേന്ദ്രാ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ഫോടനങ്ങളും തീവ്രവാദി ആക്രമണങ്ങളും നടക്കുന്ന വേളകളിൽ തന്ത്രപ്രധാനമായ സ്ഥാപനങ്ങളിൽ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ നൽകാറുണ്ട്. ഏതുതരത്തിലുള്ള സുരക്ഷാ സംവിധാനങ്ങളാണ് നടപ്പിലാക്കേണ്ടതെന്നും ഏതൊക്കെ അത്യാധുനിക യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്.

കള്ളനോട്ട് നിർമ്മാണവും വിതരണവും

11 (1475) ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന കള്ളനോട്ട് നിർമ്മാണവും വിതരണവും നടത്തുന്നവരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly